27-02-2024
പ്രസിദ്ധീകരണത്തിന്
---------------------

നാലാം ലോക കേരള സഭ ജൂണിൽ. അംഗത്വത്തിന് പ്രവാസികേരളീയർക്ക് മാർച്ച് 04 മുതൽ അപേക്ഷിക്കാം.

ലോക കേരള സഭയുടെ നാലാം സമ്മേളനം 2024 ജൂൺ 05 മുതൽ 07 വരെ കേരള നിയമസഭാമന്ദിരത്തിലെ ആർ.ശങ്കരനാരായണൻ തമ്പി ഹാളിൽ ചേരും. സഭയിൽ അംഗത്വത്തിന് താൽപര്യമുള്ള പ്രവാസി കേരളീയർക്ക് മാർച്ച് നാലു മുതൽ അപേക്ഷ നൽകാവുന്നതാണെന്ന് ഡയറക്ടർ, ലോക കേരള സഭ സെക്രട്ടറിയേറ്റ് അറിയിച്ചു. വിദേശത്തും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലുമുള്ളവർക്കും, പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി കേരളീയർക്കും അപേക്ഷിക്കാം. ലോക കേരള സഭയുടേയും നോർക്ക റൂട്ട്സിന്റെയും ഔദ്യോഗിക വെബ്സൈറ്റുകൾ മുഖേന അപേക്ഷ നൽകാവുന്നതാണ്. ഓൺലൈൻ മുഖേന മാത്രമേ അപേക്ഷ നൽകാനാകൂ.

ലോക കേരള സഭയിൽ 182 പ്രവാസി പ്രതിനിധികളാണ് അംഗങ്ങളായുള്ളത്. ഇവരെ കൂടാതെ പ്രത്യേക ക്ഷണിതാക്കളും സഭയിൽ പങ്കെടുക്കുന്നതാണ്. അപേക്ഷകൾ പരിശോധിച്ച് ഓരോ ഭൂപ്രദേശങ്ങൾക്കും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കിയായിരിക്കും സഭയിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ലോക കേരള സഭ സെക്രട്ടേറിയേറ്റിന്റെ +91 9446423339 (ഓഫീസ് സമയത്ത്, പ്രവൃത്തി ദിനങ്ങളിൽ) നമ്പറിലോ, 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ് ) ബന്ധപ്പെടാവുന്നതാണ്.

----------------

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ളിക് റിലേഷൻസ് ഓഫീസർ
നോർക്ക റൂട്ട്സ്-തിരുവനന്തപുരം